MONDAY

13/01/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A

Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/01/2025

1. ലോകത്താദ്യമായി സങ്കരയിനം തെങ്ങ് വികസിപ്പിച്ച ചരിത്രപാരമ്പര്യമുള്ള 108 വർഷം പൂർത്തീകരിച്ച പിലിക്കോട് ഉത്തരമേഖലാ കാർഷികഗവേഷണകേന്ദ്രം, കർഷകർക്കും കർഷകവൃത്തിയിൽ പങ്കാളികളാകുന്നവർക്കും ആശയങ്ങൾ കൈമാറാനും, രംഗത്തെ പുതുമകൾ പ്രദർശിപ്പിക്കുന്നതിനും, പുതുതലമുറയെ കൃഷിയിലേക്ക് അടുപ്പിക്കുന്നതിനും കാർഷിക വിദ്യാഭ്യാസ-ഗവേഷണസാധ്യതകളെക്കുറിച്ച് പുതുതലമുറയെ ബോധവത്കരിക്കുന്നതിനും, കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങളുമായി പങ്കുവെക്കുന്നതിനുമായി, കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ 'ആർ.എ. ആർ. എസ്. ഫാം കാർണിവൽ – 2025', ജനുവരി 1 മുതൽ 20 വരെ സംഘടിപ്പിക്കുന്നു. വിവിധവിളകളുടെ ബയോപാർക്കുകൾ, മൃഗസംരക്ഷണം, അലങ്കാരച്ചെടികൾ, നൂതന സാങ്കേതിക വിദ്യകളുടെ ഫീൽഡ്പ്രദർശനം, കാർഷിക സെമിനാറുകൾ, പരിശീലനങ്ങൾ, കാർഷിക ഡോക്യുമെന്ററികളുടെ പ്രദർശനം, അഗ്രോക്ലിനിക്, മണ്ണ്പരിശോധന സേവനം, ഫുഡ് പാർക്കുകൾ, നടീൽ വസ്തുക്കളുടെയും, മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനം, വാണിജ്യസ്റ്റാളുകൾ, അമ്യൂസ്മെൻ്റ് പാർക്ക്, സായാഹ്ന വിനോദപരിപാടികൾ എന്നിങ്ങനെ വൈവിധ്യമാർന്ന അനുഭൂതികൾ ഫാം കാർണിവൽ ഒരുക്കുന്നു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾകൊുള്ള കൊാട്ടങ്ങൾ, (പാവൽ, വെ, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കിസൂക്ഷിക്കേ പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. കേന്ദ്ര കൃഷി മന്ത്രാലയത്തിൻ്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ ഒരു ബാച്ച് തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2025 ഫെബ്രുവരി 17 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2025 ഫെബ്രുവരി 7-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെൻ്ററിൽ 10 am-നും 5 pm നും ഇടയ്ക്ക് നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൌജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2481763, 9383470314.

4. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2025-26 വർഷം ചേരുവാൻ അംഗീകൃത മത്സ്യത്തൊഴിലാളികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 18-60 വയസ്. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെൻ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തവരും മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വമുള്ളവരുമായിരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 മാർച്ച് വരെ തുക അടച്ചതിന്റെ രസീത്, ക്ഷേമനിധി പാസ് ബുക്ക്, റേഷൻകാർഡ്, ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് എടുത്ത പാസ് ബുക്കിന്റെ പകർപ്പ്, ആറു മാസത്തിനകം എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ജനുവരി മാസത്തെ

ഗുണഭോക്തൃവിഹിതം രണ്ട് ഗഡുവായ 500 രൂപ എന്നിവ സഹിതം തിരുവനന്തപുരം മത്സ്യഭവൻ ഓഫീസിൽ ജനുവരി 23,24 തീയതികളിൽ രാവിലെ 11 മുതൽ വൈകിട്ട് നാലുവരെ ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. 0468 2967720, 9400005123.

## പരിശീലന പരിപാടി

2 ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 13, 14 തീയതികളിൽ "ശുദ്ധമായ പാലുല്പാദനം " എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജനുവരി 10-ാം തീയതി 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. എന്ന മേൽവിലാസത്തിലോ ബന്ധപ്പെടുക

5. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.